**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6508** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | 2011 – 2016 കാലഘട്ടത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | 2011 – 2016 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഇനം തിരിച്ച് **അനുബന്ധം - I** ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ **അനുബന്ധം - II** ആയി ചേർക്കുന്നു.<br><br>2011 - 2016 കാലഘട്ടത്തിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഒ.ബി .സി പ്രീമെട്രിക് സ്കോളർഷിപ്പ്<br><br>(സംസ്ഥാന വിഹിതം 50%)<br><br>2. മൺപാത്ര നിർമ്മാണ<br><br>തൊഴിലാളികൾക്കുള്ള സഹായം<br><br>3. സന്നദ്ധ സംഘടനകൾക്കായുള്ള (എൻ.ജി.ഒ) സഹായം (10% സംസ്ഥാന വിഹിതം)<br><br>4. അഡ്വക്കേറ്റ് ഗ്രാന്റ്<br><br>5. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ<br><br>6. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി / പരിശീലനം<br><br>7. ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ<br><br>സാമഗ്രികളും അതിന്റെ നടത്തിപ്പും. |

| | | | |
|---|---|---|---|
| | | | 8. പൊതുമേഖല സ്വകാര്യ പങ്കാളിത്തത്തോട്ടുകൂടി ഓട്ടോ മൊബൈൽ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തുന്ന പദ്ധതി .<br><br>9. ബാർബർഷോപ്പുകളുടെ നവീകരണം.<br><br>10. വിശ്വകർമ്മജരടക്കമുള്ള കരകൗശല പണിക്കാർക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് .<br><br>ഈ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - III** ആയി ചേർക്കുന്നു . |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഇപ്പോൾ തുടരുന്ന പദ്ധതികളും നിർത്തലാക്കിയ പദ്ധതികളും പുനർനാമകരണം ചെയ്ത പദ്ധതികളും ഏതൊക്കെയാണെന്ന വിശദാംശം നൽകാമോ? | (ബി) | 2011 – 2016 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച എല്ലാ പദ്ധതികളും ഇപ്പോഴും തുടരുന്നുണ്ട് . ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല.<br><br>പുനർ നാമകരണം ചെയ്ത പദ്ധതികൾ :-<br><br>1. സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി<br><br>സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി 2016-17 മുതൽ പുനർ നാമകരണം ചെയ്ത് അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്ന പേരിൽ നിലവിൽ തുടരുന്നു.<br><br>2. വിഷൻ 2013<br><br>നിലവിൽ വിഷൻ എന്ന പേരിൽ തുടരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇപ്പോൾ തുടരുന്ന പദ്ധതികളും നിർത്തലാക്കിയ പദ്ധതികളും പുനർനാമകരണം ചെയ്ത പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം IV** ആയി ചേർക്കുന്നു .<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഇപ്പോൾ തുടരുന്ന പദ്ധതികളും നിർത്തലാക്കിയ പദ്ധതികളും പുനർനാമകരണം ചെയ്ത പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം V** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം – I</u>

**<u>a) 2011-2016 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ</u>**

## 1 <u>വിദ്യാഭ്യാസ പദ്ധതികൾ</u>

### 1.ലംപ്സം ഗ്രാന്റ്

1 മുതൽ 10 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിൽ ചുവടെ പറയുന്ന നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകുന്നു.

| | |
|---|---|
| 1 മുതൽ 4 വരെ | 750/- |
| 5 മുതൽ 7 വരെ | 900/- രൂപ |
| 8 മുതൽ 10 വരെ - | 1000/- |
| (ഒരു വർഷം തോറ്റവർക്ക് പകുതി തുക നൽകുന്നു | |

2.**പ്രൈമറി എജ്യുക്കേഷൻ എയിഡ്–** 1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനം എന്ന നിലയിൽ പ്രാഥമിക പഠനാവശ്യങ്ങൾ നിർവഹിക്കുവാൻ 2000/- രൂപ പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡായി നൽകുന്നു.

3.**സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം**

ഒന്നാം വർഷ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായമായി 5800/- രൂപ നൽകുന്നു.

4. **ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം**

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം നൽകുന്ന ബി.ടെക്, എം.ടെക്, എം.സി.എ, പോളിടെക്നിക്ക്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം എസ് സി, ഇലക്ട്രോണിക്സ്, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, ബി.ആർക്ക്, എം.ഫിൽ, പി.എച്ച്.ഡി, പോളിടെക്നിക്ക്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ഹാർഡ് വെയർ മെയിന്റനൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി 30,000/- വരെ ധനസഹായം അനുവദിക്കുന്നു.

5. **എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാൻറ് –** എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു. മെഡിക്കൽ കോഴ്സുകൾക്ക് രൂ. 10,000/-, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് രൂ 5,000/- നിരക്കിൽ തുക അനുവദിക്കുന്നു.

**6. CPL Course- കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്- വിംഗ്സ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് പരിശീലനം നൽകി അവരെ കൊമേഴ്ഷ്യൽ AIR CRAFT മേഖലയിലുള്ള തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.

7. **മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേകപരിശീലനം( വിഷൻ 2013)**

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിൽ കുറയാത്ത ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000/-രൂപ വരെ ധനസഹായം നൽകുന്നു.

**2) സാമ്പത്തിക വികസന പദ്ധതികൾ**

**1. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക ധനസഹായം-** അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,000/- രൂപ വരെ ധനസഹായം നൽകുന്നു.

**3)സാമൂഹ്യക്ഷേമ പദ്ധതികൾ**

**1. ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം-** 2012 പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായമായി 2,00,000/- രൂപ നൽകുന്നു.

**2. തീ പിടുത്തം,പ്രകൃതി ക്ഷോഭം ,എന്നിവ മൂലം നാശനഷ്ടം സംഭവിക്കുന്നവർക്കു ധനസഹായം**

**3. സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി** -2012-13,2013-14 കാലയളവിൽ പട്ടികജാതി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി,ഒരു കോടി രൂപ ചിലവിട്ടു ,MLA മാരുടെ മേൽ നോട്ടത്തിൽ സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിരുന്നു.

# അനുബന്ധം II

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

- **ഗോത്രസാരഥി**
  പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതി. നിലവിൽ '**വിദ്യാവാഹിനി**' എന്ന പേരിൽ തുടരുന്നു
- **കൈത്താങ്ങ്**
  അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചു പോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ എന്നിവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി പ്രതിമാസം 2,000/- രൂപ ധനസഹായം 18 വയസ്സ് തികയുന്നത് വരെ നൽകി വരുന്നു.

- **വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം**
  പ്രൊഫഷണൽ കോഴ്സിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് സൗജന്യമായി നൽകുന്നതിനാൽ കമ്പ്യൂട്ടർ അധിഷ്ഠിത ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.
- **ഹാംലെറ്റ് വികസന പദ്ധതി**
  സംസ്ഥാനത്തെ പട്ടികവർഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി രൂപീകരിച്ച പദ്ധതിയാണിത് . ഒരു കോടി രൂപ ചെലവഴിച്ച് 2017-18 വർഷം മുതൽ സ.ഉ(സാധാ) നം.2302/2017/പജ.പവ.വിവ തീയതി 20/09/2017 പ്രകാരം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്ന പേരിൽ നിലവിൽ നടപ്പിലാക്കി വരുന്നു.
- **MRS കുറ്റിച്ചൽ**
  പ്രസ്തുത പദ്ധതി 2015-16 മുതൽ പ്രവർത്തനം ആരംഭിച്ച് നിലവിൽ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്ന GKMMRS CBSE സ്കൂളായി പ്രവർത്തിച്ച് വരുന്നു.
- **മൾട്ടി പർപ്പസ് ഹോസ്റ്റൽ**
  ഗ്രാമപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്കും പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവർക്കും അപ്രന്റീസ് ട്രെയിനികൾക്കും കൂടാതെ വനിത ജീവനക്കാരുടെ 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺമക്കൾക്കും അമ്മമാരോടൊപ്പം താമസിക്കുന്നതിനായി സൗകര്യം ഒരുക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണിത് .
- **ഗുരുകുലം**
  2015-16 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി.
- **ജനനിജന്മരക്ഷ**
  ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭ്യമാക്കൽ, ഗർഭിണികൾക്കും അമ്മമാർക്കും, ശിശുക്കൾക്കും പ്രതിരോധ കുത്തിവയ്പുകൾ ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുഞ്ഞ് ജനിച്ച് ഒരു വയസ്സ് വരെയുള്ള കാലയളവിൽ പ്രതിമാസം 2,000/- രൂപ വീതം അനുവദിച്ചു വരുന്നു. പ്രതിവർഷം ശരാശരി ഒൻപതിനായിരത്തോളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു .

- പട്ടികവർഗ്ഗ വനിതകൾക്ക് ഓട്ടോറിക്ഷ വിതരണം ചെയ്യുന്ന പദ്ധതി – 500 പട്ടികവർഗ്ഗ വനിതകൾക്ക് ആനുകൂല്യം ലഭിച്ചു.
- പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസന പദ്ധതി
- പരിപ്രേക്ഷ്യ പദ്ധതി – 2030–ലെ മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ് .
- എ.റ്റി . എസ് . പി – പദ്ധതിയിൽ ഉൾപ്പെടുത്തി 14 മേഖലയിലെ പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം – പ്രസ്തുത പദ്ധതി 2014–15 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് പൂർത്തീകരിക്കുകയും ചെയ്തു.
- **സിക്കിൾ സെൽ അനീമിയ**
  സിക്കിൽ സെൽ അനീമിയ രോഗബാധിതർക്ക് പ്രതിമാസം 2,500/– രൂപ നിരക്കിൽ പ്രതിവർഷം 906 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നു .
- **കോവിൽമല രാജാവിന് രാജധാനി** – നടപ്പിലാക്കിയില്ല
- **വംശീയ വൈദ്യൻമാർ ഗവേഷണ സ്ഥാപനം തുടങ്ങുന്ന പദ്ധതി**
  പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000/– രൂപ വാർഷിക ഗ്രാന്റായി പ്രസ്തുത പദ്ധതിയ്ക്കായി നൽകുന്നു.
- **വീട് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ധനസഹായം**
  ജീർണ്ണിച്ച വീടുകൾ നവീകരിക്കുന്നതിനും പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്. നിലവിൽ ടി പദ്ധതി സേഫ് എന്ന പദ്ധതിയായി പുനർനാമകരണം ചെയ്ത് നടപ്പിലാക്കി വരുന്നു.
- **പ്രീമെട്രിക് സ്കോളർഷിപ്പ്**
  പ്രീ മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ പ്രതിവർഷം 79,000 കുട്ടികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട് .
- **ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി**

2014–15 –ൽ ആരംഭിച്ച ടി പദ്ധതിയിൽ 471 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 166.501 ഏക്കർ ഭൂമി വാങ്ങി നൽകുന്നതിന് സാധിച്ചു. നിലവിൽ പ്രസ്തുത പദ്ധതി ലാന്റ് ബാങ്ക് പദ്ധതിയായി നടപ്പിലാക്കി വരുന്നു.

അനുബന്ധം III

2011 ൽ രൂപീകൃതമായ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലക്ഷ്യ വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വിവിധ വിദ്യാഭ്യാസ വികസന പദ്ധതികൾ-നടപ്പിലാക്കി വരുന്നു. 2011-2016 കാലഘട്ടത്തിൽ ആവിഷ്യകരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം)

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠനം നടത്തിയിരുന്ന ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളഷിപ്പാണിത്. കുടുംബ വാർഷിക വരുമാന പരിധി 44500 ആയിരുന്നത് പിന്നീട് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കേന്ദ്രസർക്കാരിൽ നിന്നും റിലീസ് ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന 50% വിഹിതം സംസ്ഥാനവും ഈ ഇനത്തിൽ ചെലവിടുന്നു.

2. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം

പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പുതിയ രീതിയിലുള്ള നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകുകയും ഈ മേഖലയെ നവീകരിക്കുന്നതിനും യന്ത്രവത്കരിക്കുന്നതിനും ആവശ്യമുള്ള സാമ്പത്തിക സഹായം നൽകുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. അർഹതയുടെ അടിസ്ഥാനത്തിൽ പരമാവധി 50000 രൂപ അനുവദിക്കുന്നു.

3. സന്നദ്ധ സംഘടനകൾക്കായുള്ള സഹായം (എൻ.ജി.ഒ) (10% സംസ്ഥാന വിഹിതം)

സന്നദ്ധ പ്രവർത്തനങ്ങളിലൂടെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമൂഹ്യ സാമ്പത്തിക സ്ഥിതി ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അവരുടെ കഴിവുകൾ വികസിപ്പിച്ച് വരുമാനം ലഭിക്കുന്ന സ്വയം തൊഴിൽ ചെയ്യുന്നതിനും മറ്റു മേഖലകളിൽ ലാഭകരമായി തൊഴിൽ ചെയ്യുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നേരിട്ട് നടപ്പാക്കി വന്ന പദ്ധതിയാണിത്. 90% കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. അഡ്വക്കേറ്റ് ഗ്രാന്റ്

ജുഡീഷ്യറിയിൽ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നതിന് കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കാത്തവർക്ക് പ്രതിവർഷം 7500/- രൂപ വീതം പരമാവധി 3 വർഷത്തേയ്ക്ക് നൽകുന്ന ഗ്രാന്റ്. പിന്നീട് ഗ്രാന്റ് തുക 12000/- രൂപയായി വർദ്ധിപ്പിച്ചു. അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് അപേക്ഷിക്കാം. അപേക്ഷഫോറം ,ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്,

എൻറോൾമെന്റ് സർട്ടിഫിക്കറ്റ്, സീനിയർ അഭിഭാഷകനിൽ നിന്നുള്ള സാക്ഷ്യപത്രം, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതമാണ് സമർപ്പിക്കേണ്ടതാണ്.

5. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ

മെഡിസിൻ, അഗ്രിക്കൾച്ചർ സയൻസ്, പ്യുവർ സയൻസ് മാനേജ്മെന്റ്, എഞ്ചിനീയറിംഗ് മേഖലകളിൽ മാസ്റ്റർ ബിരുദം എന്നീ കോഴ്സുകൾ ചെയ്യുന്ന തെരഞ്ഞെടുത്ത 20 പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ഈ പദ്ധതി വഴി സ്കോളർഷിപ്പ് നൽകുന്നു. ടൈംസ് ഹയർ എഡ്യൂക്കേഷന്റെ ലോകറാങ്കിംഗ് പ്രകാരം ആദ്യത്തെ 600 യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്നവർക്കാണ് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നത്.

6. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി / പരിശീലനം

വിദ്യാസമ്പന്നരായ പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലനത്തിനും, സിവിൽ സർവീസ് പരീക്ഷയ്ക്കും, നെറ്റ് ഗേറ്റ്, മാറ്റ് തുടങ്ങിയ പരീക്ഷകൾക്കും കേന്ദ്ര സംസ്ഥാന സർവ്വീസുകളിലും പൊതു മേഖലാസ്ഥാപനങ്ങളിലും ജോലിക്കും പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം നൽകുന്നു. മെഡിക്കൽ/ എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി എന്നീമേഖലകളിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് സഹായകരമാകുന്ന പദ്ധതിയാണിത്. പിന്നീട് പി.എസ്.സി പരിശീലനത്തിന് ധനസഹായം നൽകുന്നത് ഒഴിവാക്കി.

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5ലക്ഷം | 15000/- | 10000/- | 25000/- |

7. ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ സാമഗ്രികളും അതിന്റെ നടത്തിപ്പും

ഓഫീസ് സാമഗ്രികളും, ഫയലുകളും കൈകാര്യം ചെയ്യുന്ന രീതികൾ, വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള ഓഫീസുകളുമായി പരസ്പരം പ്രവർത്തിക്കുന്ന ഫയൽ ട്രാക്കിംഗ് രീതികൾ, വകുപ്പിലെ ഓഫീസർമാർക്കും സ്റ്റാഫുകൾക്കും ദേശീയതലത്തിൽ നടത്തുന്ന സർവ്വീസ് പരിശീലന പരിപാടികൾ, എന്നിവ നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

8. പൊതുമേഖല സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിലുകൾ

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ഐ.റ്റി.ഐ/ഐ.റ്റി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനം നൽകുകയും, പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതി.

2 ലക്ഷം രൂപയാണ് വരുമാന പരിധി. സ്റ്റൈപന്റ്, ട്യൂഷൻ ഫീ ഇനങ്ങളിൽ പ്രതിമാസം 5000 രൂപ വീതം സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് കമ്പനി അനുയോജ്യമായ തൊഴിലുകൾ നല്കുന്നു. പിന്നീട് ആനുകൂല്യ തുക 8000/- രൂപയായി വർദ്ധിപ്പിച്ചു.

9. <u>ബാർബർഷോപ്പുകളുടെ നവീകരണം</u>

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തുവരുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ട ഗ്രാമ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ബാർബർ ഷോപ്പുകൾ ആധുനികവൽക്കരിക്കുന്നതിന് പരമാവധി 25000/- രൂപ അനുവദിക്കുന്നതിനുള്ള പദ്ധതി. ഒരു വർഷം ഗ്രാമീണമേഖലയിലെ 1000 പേർക്ക് ആനുകൂല്യം അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. പിന്നീട് പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെയായി വ്യാപിപ്പിച്ചു.

10. വിശ്വകർമ്മജരടക്കമുള്ള കരകൗശല പണിക്കർക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള(Toolkit Grant) ഗ്രാന്റ്.

പരമ്പരാഗത തൊഴിലുകൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനും ഒരാൾക്ക് 20000 രൂപ വരെ രണ്ട ഗഡുക്കൾ ആയി നൽകുന്നതിനുള്ള പദ്ധതി. കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

# അനുബന്ധം - IV

| ക്രമ നം. | നിലവിൽ തുടരുന്ന പദ്ധതികൾ | നിർത്തലാക്കിയ പദ്ധതികൾ | പുനർനാമകരണം ചെയ്ത പദ്ധതികൾ |
|---|---|---|---|
| 1 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | മൾട്ടി പർപ്പസ് ഹോസ്റ്റൽ | ഗോത്രസാരഥി – വിദ്യാവാഹിനി |
| 2 | കൈത്താങ്ങ് | ഗുരുകുലം | ഹാംലെറ്റ് വികസന പദ്ധതി – അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി |
| 3 | ജനനി ജന്മരക്ഷ | പട്ടികവർഗ്ഗ വനിതകൾക്ക് ഓട്ടോറിക്ഷ വിതരണം ചെയ്യുന്ന പദ്ധതി | MRS കുറ്റിച്ചൽ – GKMMRS CBSE സ്കൂൾ |
| 4 | സിക്കിൾ സെൽ അനീമിയ | പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസന പദ്ധതി | വീട് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ധനസഹായം – സേഫ് |
| 5 | വംശീയ വൈദ്യൻമാർ ഗവേഷണ സ്ഥാപനം തുടങ്ങുന്ന പദ്ധതി | പരിപ്രേക്ഷ്യ പദ്ധതി | ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി – ലാന്റ് ബാങ്ക് പദ്ധതി |
| 6 | പ്രീമെട്രിക് സ്കോളർഷിപ്പ് | എ.റ്റി.എസ്.പി | |
| 7 | | കോവിൽമല രാജാവിന് രാജധാനി | |

അനുബന്ധം V

## 2011-16 കാലഘട്ടം മുതൽ നടപ്പിലാക്കിവരുന്നതും തുടരുന്നതുമായ പദ്ധതികൾ

2011-16 കാലഘട്ടം മുതൽ നടപ്പിലാക്കിവരുന്ന ഒ.ബി.സി പ്രീമെട്രിക്, പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ തുടങ്ങിയ വിദ്യാഭ്യാസ പദ്ധതികളും മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം, അഡ്വക്കേറ്റ് ഗ്രാന്റ്, തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം, ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ സാമഗ്രികളും അതിന്റെ നടത്തിപ്പും, പൊതുമേഖല സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിലുകൾ, ബാർബർഷോപ്പുകളുടെ നവീകരണം , വിശ്വകർമ്മജരടക്കമുള്ള കരകൗശല പണിക്കർക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ്.എന്നീ വികസന പദ്ധതികളും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന തുടർന്നും നടപ്പാക്കി വരുന്നുണ്ട്.

## 2011-16 കാലഘട്ടത്തിൽ ആവിഷ്കരിച്ച പദ്ധതികളിൽ പിന്നീട് നിർത്തലാക്കിയവ

2011-16 കാലഘട്ടത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന പദ്ധതികളിൽ സന്നദ്ധ സംഘടനകൾക്കായുള്ള സഹായം (എൻ.ജി.ഒ) (10%സംസ്ഥാന വിഹിതം), തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പി.എസ്.സി പരിശീലനത്തിനുള്ള സഹായം, എന്നിവ നിർത്തലാക്കിയിട്ടുണ്ട്.

## 2011-16 കാലഘട്ടത്തിൽ ആവിഷ്കരിച്ച പദ്ധതികളിൽ നിലവിൽ പുനർനാമകരണം ചെയ്ത പദ്ധതികൾ

ഒ.ബി.സി പ്രീമെട്രിക് PM-YASASVI Pre-matric Scholarship for OBC & EBC (60% CSS) എന്ന പേരിലേയ്ക്ക് മാറ്റപ്പെടുകയും 1 മുതൽ 10 വരെ നൽകിയിരുന്ന സ്കോളർഷിപ്പ് പരിഷ്കരിച്ച കേന്ദ്ര മാനദണ്ഡപ്രകാരം 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. അപ്രകാരം ഒഴിവാക്കപ്പെട്ട 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി എന്ന പേരിൽ 2023-24 മുതൽ നടപ്പിലാക്കി വരുന്നു. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം പദ്ധതി എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പേരിൽ UGC/JRF, IELTS/TOEFL/OET/NCLEX എന്നിവ കൂടി ഉൾപ്പെടുത്തി തുടർന്നു നടപ്പിലാക്കി വരുന്നുണ്ട്.